**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 494** **06-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖാന്തിരം പ്രഖ്യാപിച്ച മൂന്നാം കൈ കരിങ്ങാട് റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം പ്രഖ്യാപിച്ച മൂന്നാം കൈ കരിങ്ങാട് റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം പ്രഖ്യാപിച്ച മൂന്നാംകൈ – കരിങ്ങാട് – കൈവേലി റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണ ഏജൻസിയായ KRFB കിഫ്ബിയിൽ സമർപ്പിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ്പ്രവൃത്തി പി.എം.എസ്.ജി.വൈ യിൽ ഉൾപ്പെടുത്തി ചെയ്യുമെന്ന് നൽകിയ ഉറപ്പിന്മേൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | മൂന്നാംകൈ – കരിങ്ങാട് – കൈവേലി റോഡ് ഉൾപ്പെടെ 10 മീറ്ററിൽ കുറവ് ROW ഉള്ള റോഡുകൾ പി.എം.ജി.എസ്.വൈ മാനദണ്ഡ പ്രകാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്തിരുന്നെങ്കിലും, പിന്നീട് ഇത് സാധാരണ കിഫ്ബി മാനദണ്ഡപ്രകാരമുള്ള നിലവാരത്തേക്കാൾ കുറവായതിനാൽ ഇതുമായി മുന്നോട്ട് പോകേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ ഉടൻ നടപടി സ്വീകരിക്കുമോയെന്നറിയിക്കാമോ ? | (സി) | നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി അവലോകനം നടത്തിയതിൽ നിന്നും ട്രാഫിക് കുറഞ്ഞതും, കുറഞ്ഞ ROW ഉള്ളതുമായ മൂന്നാംകൈ – കരിങ്ങാട് – കൈവേലി റോഡ് പ്രവൃത്തിയ്ക്ക് കിഫ്ബി ഫണ്ട് അനുവദിയ്ക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. |

സെക്ഷൻ ഓഫീസർ